യോഹ 1:43 - 51

ജനുവരി 08: ദനഹായക്കുശേഷം 1-ാം ഞായർ

ഭാഷ്യം

I. സന്ദർഭം

യേശു പീലിപ്പോസിനേയും, നഥാനിയേലിനെയും കണ്ടുമുട്ടുന്നതാണ് ഈ വചനഭാഗത്തിന്റെ സന്ദർഭം. പീലിപ്പോസിനോട് യേശുവിനെ അനുഗമിക്കാൻ ആവശ്യപ്പെടുകയും (1:43), നഥാനിയേലിനെ മുൻകൂട്ടികണ്ട സാഹചര്യവും (1: 47-48) യേശു വിവരിക്കുകയും ചെയ്യുന്നു.

II. പ്രമേയം

പഴയനിയമത്തിന്റെ പൂർത്തികരണമാണ് യേശു. യേശു ദൈവപുത്രനാണ്, ദൈവത്തിന്റെ കുഞ്ഞാടാണ്. യേശുവിനെ ദൈവപുത്രനായി സ്വീകരിക്കുവാൻ ക്രിസ്തു ശിഷ്യൻ ഹൃദയം ഒരുക്കേണ്ടിയിരിക്കുന്നു.

III. സന്ദേശം

1. യേശു മുൻകൂട്ടി അറിയുന്നവനാണ്. എന്നാൽ യേശുവിനെക്കുറിച്ച് ശിഷ്യൻമാർക്ക് ഭാഗികമായ അറിവ് മാത്രമാണ് ഉള്ളത്. അവരുടെ അിറവ് യേശു ജോസഫിന്റെ പുത്രനാണെന്നുള്ളതും നസ്രത്തിൽ നിന്നുള്ളവനാണെന്നുമാണ്. യേശു ദൈവപുത്രനാണെന്ന് ഏറ്റുപറയുന്നവനാണ് ക്രിസ്തു ശിഷ്യൻ.

2. അത്തിമരത്തിന്റെ ചുവട്ടിലിരിക്കുന്നുവെന്ന് പറയുന്നതിന്റെ അർത്ഥം സുഖസമൃദ്ധിയുടെ മേഘലയിൽ വ്യാപരിക്കുക എന്നുകൂടിയാണ്. ക്രിസ്തു ശിഷ്യൻ സുഖസമൃദ്ധിയുടെ മേഘലയിൽ നിന്ന് പുറത്തുവരേണ്ടവനും, യേശുവിനെ അനുഗമിക്കേണ്ടവനുമാണ്.

3. ആദ്യം യേശുവിനെ അഭിസംബോധന ചെയ്യാതെ സംസാരിച്ചുതുടങ്ങിയ നഥാനിയേൽ വലിയ തിരിച്ചറിവിലൂടെ യേശുവിനെ ഗുരുവായും, ദൈവപുത്രനായും, ഇസ്രായേലിലെ രാജാവായും കാണുന്നു. യേശുവുമായുള്ള ബന്ധത്തിൽ ഒരു വളർച്ച ഈശോ ആഗ്രഹിക്കുന്നുണ്ട്. ഈ വളർച്ചയിലൂടെ യേശുവിലുള്ള വിശ്വാസം ഏറ്റുപറയുകയും ദൃഢീകരിക്കുകയും ചെയ്യുന്നു. ക്രിസ്തു ശിഷ്യൻ വിശ്വാസം ഏറ്റുപറയേണ്ടവനും, കൂടുതൽ വിശ്വാസത്തിൽ ജീവിക്കേണ്ടവനുമത്രേ.

4. യാക്കോബ് സ്വപ്നം കണ്ട ഗോവണിയിലൂടെ (ഉൽപത്തി 28-12,16-17) സ്വർക്ഷത്തിൽ നിന്ന് ഭൂമിയിലേക്കും ഭൂമിയിൽ നിന്ന് സ്വർക്ഷത്തിലേക്കും കയറിയിറങ്ങുന്നത് മാലാഖമാർ മാത്രമാണ്. ഇപ്പോഴിതാ ഒരു പകരം വെക്കൽ നടക്കുന്നു. ഇനി ക്രിസ്തു ശിഷ്യൻ മാലാഖമാർ കയറിയിറങ്ങുന്നത് കാണുന്നത് മനുഷ്യപുത്രന്റെ മേലായിരിക്കും. മനുഷ്യപുത്രനായിരിക്കും സ്വർക്ഷത്തിലേക്കുള്ള വഴി.

ഡോ. ഡേവിസ് പനക്കൽ സിഎംഐ

പ്രസംഗം

വിശ്വാസവെട്ടത്തിൽ കാഴ്ചയുള്ളവരാകാം

മറവിരോഗം ബാധിച്ച അമ്മ കിടക്കയിൽ മൂത്രമൊഴിച്ചു എന്ന കാരണത്താലാണ് മകൾ തല്ലിച്ചതച്ചത്. ഈ ദൃശ്യങ്ങൾ മൊബൈലിൽ പകർത്തി പരാതി നൽകിയത് അമ്മയുടെ സ്വന്തം മകനും. ഈ അടുത്ത നാളിൽ കേരളക്കരയിൽ നടന്ന ഈ സംഭവം സോഷ്യൽ മീഡിയകളിലൂടെയും ചാനലുകളിലൂടെയും പുറംലോകം അറിഞ്ഞു. ഒടുവിൽ പൊലീസെത്തി ആ അമ്മയെ വൃദ്ധമന്ദിരത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുമ്പോൾ അമ്മ പറഞ്ഞു: "അവൾക്ക് എതിരേ എനിക്ക് ഒരു പരാതിയുമില്ല. അവളെന്നെ ഉപദ്രവിച്ചിട്ടില്ല." നൊന്തു പ്രസവിച്ച മാതൃത്വത്തെ തിരിച്ചറിയാനാകാത്തവിധം മൂടപ്പെട്ട മകളുടെ കണ്ണുകൾ അന്ധത ബാധിച്ച, ഈ സമൂഹത്തിന്റെ നേർചിത്രമായി നമ്മെ തുറിച്ച നോക്കുന്നുണ്ട്. സ്നേഹത്തിന്റെ ഉറവ വറ്റാത്ത ആ അമ്മയുടെ കണ്ണുകൾ 'സുവിശേഷ വെളിച്ചമായി' നമുക്ക് വഴികാട്ടുന്നുണ്ട്. കണ്ണുകളിൽ ഇരുട്ട് നിറഞ്ഞ് പ്രവൃത്തികളിൽ അന്ധത ബാധിച്ച ഒരു സമൂഹത്തിൽ കൊളുത്തിവയ്ക്കേണ്ട വിളക്കാണ് സുവിശേഷം. ഇന്നത്തെ ഈ സുവിശേഷഭാഗം വെളിച്ചം നിറഞ്ഞ കാഴ്ചകളിലേക്കാണ് നമ്മെ കൂട്ടിക്കൊണ്ടുപോകുന്നത്. ക്രിസ്തുവിന്റെയും ശിഷ്യന്മാരായ പീലിപ്പോസിന്റെയും നാഥാനിയേലിന്റെയും കണ്ണുകൾക്കും അവർ കാണുന്ന കാഴ്ചകൾക്കും ചില പ്രത്യേകതകളുണ്ട്.

ക്രിസ്തു കണ്ടവരും ക്രിസ്തുവിനെ കണ്ടെത്തിയവരും ചേർന്നാണ് രക്ഷാകരചരിത്രത്തെ പൂർത്തിയാക്കുന്നത്. 'എന്നെ അനുഗമിക്കുക' എന്ന ക്ഷണമാണ് പീലിപ്പോസിനെ ക്രിസ്തു ദർശനത്തിലേക്ക് നയിക്കുന്നത്. ആദ്യ ശിക്ഷ്യന്മാരായ അന്ത്രയോസിന്റെയും പത്രോസിന്റെയും പട്ടണമായ ബേത്സയ്ദായിൽ നിന്നുള്ള പീലിപ്പോസിന്റെ കണ്ണുകൾ ക്രിസ്തുവെന്ന വെളിച്ചത്തെ സ്വീകരിച്ചു. ഓരോ വിളിയും ക്രിസ്തു ഒരാളിൽ കൊളുത്തിവയ്ക്കുന്ന വിളക്കാണ്. അവനെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുന്നില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും (യോഹ 8:12). ക്രിസ്തുവിനെ കണ്ടതിനുശേഷം പീലിപ്പോസ് സംസാരിക്കുന്നത് 'ഉൾക്കാഴ്ചയുടെ

ഭാഷയാണ്; തിരിച്ചറിവിന്റെ ഭാഷയാണ്; സാക്ഷ്യത്തിന്റെ ഭാഷയാണ്. കാഴ്ചയിൽ നിന്ന് ഉൾക്കാഴ്ചയിലേക്കും അറിവിൽ നിന്നും തിരിച്ചറിവിലേക്കും ദർശനത്തിൽ നിന്ന് സാക്ഷ്യത്തിലേക്കുമാണ് പീലിപ്പോസിന്റെ കണ്ണുകളുടെ യാത്ര. ആ കണ്ണുകൾ നഥാനിയേലിനോടും പറയുന്നു: 'വന്നു കാണുക.'

ക്രിസ്തുവെന്ന വെളിച്ചത്തിൽ മുങ്ങിനിവർന്ന പീലിപ്പോസിന്റെ കണ്ണുകളാണ് നഥാനിയേലിന്റെ കാഴ്ചയെ ക്രിസ്തുവിലേക്ക് ആനയിച്ചത്. തിരിനാളങ്ങൾ കെടാതെ സൂക്ഷിക്കുന്നത് ഇങ്ങനെയാണ്. എരിഞ്ഞുതീരും മുൻപേ മറ്റൊരു വിളക്കിലേക്ക് പകർന്നു നൽകുക. നസ്രത്തിൽ നിന്നുള്ള നന്മയെപ്പറ്റിയുള്ള സന്ദേശമാണ് നഥാനിയേലിന്റെ കണ്ണുകളിൽ ആദ്യം തെളിഞ്ഞുവന്നത്. ആ സന്ദേശത്തെ ദുരീകരിക്കുന്ന ക്രിസ്തുവിന്റെ കണ്ണുകൾ നഥാനയേലെന്ന ശിഷ്യനെ രൂപപ്പെടുത്തി. തികച്ചും സുതാര്യമായ ഒരു ചില്ലുപാത്രം കണക്കെ അയാൾ മാറ്റപ്പെടുകയാണ്. മറക്കാനും ഒളിക്കാനും അവനിൽ ഇനി പഴയ യാക്കോബിന്റെ നാട്യങ്ങളില്ല. ക്രിസ്തുവെന്ന തിരിവെട്ടത്തിൽ നിരന്തരം തന്നെയും തന്റെ ചുറ്റുമുള്ളതിനെയും പ്രകാശിപ്പിക്കുന്ന 'പുതിയ ഇസ്രായേലിന്റെ' അഭിഷേകമുദ്രയാണ് നഥാനിയേലിൽ ക്രിസ്തുവിന്റെ നോട്ടത്തിലൂടെ പതിഞ്ഞത്. അഹംഭാവത്തിന്റെ ഇലകൾക്കുള്ളിൽ മറച്ചുപിടിച്ച ഫലശൂന്യമായ അത്തിമര ശിഖരങ്ങൾക്ക് താഴെ, വേദധ്യാനത്തിനും വെളിപാടുകൾക്കുമയി കാത്തിരിക്കുന്ന വിനയത്തിന്റെ അത്തിമരച്ചുവട്ടിലാണ് ക്രിസ്തുവിന്റെ കണ്ണുകൾ പതിഞ്ഞത്. ക്രിസ്തുവിന്റെ നോട്ടം വന്നു വീഴുന്ന ഇടങ്ങളിലേക്ക് നമുക്ക് ചുവടുകൾ മാറ്റാം. ജീവിതത്തിൽ അവന്റെ ദൈവപുത്രസ്ഥാനത്തെയും രാജാധികാരത്തെയും പ്രഖ്യാപിക്കുന്ന നഥാനിയേലിന്റെ വിശ്വാസത്തിന്റെ കണ്ണുകൾ നമുക്കും സ്വന്തമാക്കാം.

താൻ മുൻകൂട്ടി നിശ്ചയിച്ചവരെ അവിടുന്ന് വിളിച്ചു; വിളിച്ചവരെ നീതികരിച്ചു; നീതികരിച്ചവരെ മഹത്വപ്പെടുത്തി (റോമാ 8,30). തന്നെ കണ്ടെത്തുന്നവർ താൻ മുൻകൂട്ടി കണ്ടവരാണെന്ന ആ വലിയ സത്യം ക്രിസ്തുവിന്റെ കണ്ണുകൾ നമ്മോട് പറയുന്നു.

തന്നെ കണ്ടെത്തുന്നവർക്കും താൻ കണ്ടെത്തുന്നവർക്കും അവിടുന്ന് നൽകുന്ന വാഗ്ദാനം അമൂല്യമാണ്. സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, സ്വർഗ്ഗം തുറക്കപ്പെടുന്നതും ദൈവദൂതൻമാർ കയറിപ്പോകുന്നതും മനുഷ്യപുത്രന്റെമേൽ ഇറങ്ങിവരുന്നതും നിങ്ങൾ കാണും (യോഹ 1:49). ക്രിസ്തുവിന്റെ കണ്ണുകൾ നമ്മെ ക്ഷണിക്കുന്നത് സ്വർഗ്ഗം തുറക്കപ്പെടുന്ന നിമിഷങ്ങളിലേക്കാണ്. സ്നാനപ്പെടുത്തി ആത്മാവിനെ വിശുദ്ധീകരിക്കുന്ന ജോർദ്ദാൻ നദിക്കരയിലേക്കും മഹത്വത്തിന്റെ വെള്ളിമേഘങ്ങളിൽ പൊതിയുന്ന താബോർ മലയിലേക്കും രക്തംവിയർക്കുന്ന ഗത്സമെൻ സന്ധ്യകളിൽ നിറയുന്ന സാന്ത്വനത്തിലേക്കും പിഡാനുഭവത്തിനും കുരിശുമരണത്തിനും ഒടുവിൽ ഉത്ഥാനത്തിന്റെ സ്വർഗ്ഗീയശോഭയിലേക്കും കൂട്ടിക്കൊണ്ടുപോ

കുന്ന കണ്ണുകളാണ് ക്രിസ്തുവിന്റേത്.

ദർശനത്തിൽ നിന്ന് സാക്ഷ്യത്തിലേക്ക് നയിക്കുന്ന പീലിപ്പോസിന്റെയും തന്നെത്തന്നെ പരിപൂർണമായി സമർപ്പിക്കുന്ന നഥാനിയേലിന്റെയും തന്നെ കണ്ടവരെ തന്നോടുകൂടി ചേർത്തുനിർത്തി സ്വർഗ്ഗീയ വാഗ്ദാനം വർഷിക്കുന്ന ക്രിസ്തുവിന്റെയും കണ്ണുകൾ നമ്മുടെതാക്കാം. ഈ അന്ധകാരലോകത്തിൽ വെളിച്ചം നിറയ്ക്കാം. ഉദയത്തിന്റെ ദനാറയുടെ അനുഭവം സ്വായത്തമാക്കാം.

ഫാ. ഡൊമിനിക് മൂഴിക്കര ഒഐസി